# കേരളസർവകലാശാല

നം.പി.ആർ.171/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 മേയിൽ നടന്ന നാലാം സെമസ്റ്റർ എം.എ ഫിലോസഫി പരീക്ഷയുടെ വൈവ സെപ്റ്റംബർ 11, 14 തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യ മാണ്.

2020 മേയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.ഡബ്ല്യൂ പരീക്ഷകളുടെ വൈവ പരീ ക്ഷകൾ സെപ്റ്റംബർ 9 മുതൽ 17 വരെ ലയോള കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദ മായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

സെപ്റ്റംബർ 30 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാകേന്ദ്രം

സെപ്റ്റംബർ 8 മുതൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) എൽ.എൽ.ബി പരീക്ഷകൾക്ക് സർവകലാശാലയുടെ കീഴിലുള്ള ലോ കോളേജുകൾ, കാലിക്കറ്റ് സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, തേഞ്ഞിപ്പാലം കൂടാതെ ഗവ.കോളേജ്, നാട്ടകം, കോട്ടയം, സെന്റ്.മൈക്കിൾസ് കോളേജ്, ചേർത്തല എന്നീ രണ്ട് പുതിയ പരീക്ഷാകേന്ദ്രങ്ങൾ കൂടി അനുവദിച്ചിരിക്കുന്നു. ഈ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷാസമയത്തിന് ഒരു മണിക്കൂർ മുൻപ് തന്നെ ഹാൾടിക്കറ്റുമായി പരീക്ഷാകേന്ദ്രങ്ങളിൽ ഹാജരാകേണ്ടതാ ണ്.

### പരീക്ഷാഫലം

2020 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ബി.എ – 2017 അഡ്മിഷൻ റെഗുലർ, 2016, 2015, 2014 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്സിചാൻസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും സെപ്റ്റംബർ 22 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശ ദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (2019 സ്കീം) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റം ബർ 22 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ ബിരുദ (2013 മുൻപുളള സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓൺലൈനായി സെപ്റ്റംബർ 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ (2013 അഡ്മിഷന് മുൻപ്) ബി.കോം കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ്, ബി.കോം കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്ടീസ് (2010 ആന്റ് 2011 അഡ്മിഷൻ - മേഴ്സിചാൻസ്, 2012 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനം സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി സെപ്റ്റംബർ 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>സി.എ.സി.ഇ.ഇ - വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു</u>

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ്) കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കാലാവധി: 3 മാസം, ക്ലാസ്: തിങ്കൾ മുതൽ വെളളി വരെ വൈകുന്നേരം 5 മുതൽ 7 വരെ, ഫീസ്:6,000/- രൂപ.

പി.ജി ഡിപ്ലോമ കൗൺസിലിംഗ് സൈക്കോളജി കോഴ്സ്, യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം, കോഴ്സ് കാലാവധി: ഒരു വർഷം, ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ്ഫീസ്: 16,500/-രൂപ.

സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, ജി.എൻ.എം/ബി.എസ്.സി നഴ്സിംഗ് കൂടാതെ കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. ഫീസ്: 7500/- രൂപ, ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് കാലാവധി: ആറ് മാസം

www.keralauniversity.ac.in ൽ നിന്നും 23 -ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ, കേരള സർവകലാശാല പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം 695033 വിവാസത്തിൽ അയയ്ക്കുക. അപേക്ഷ തപാലിൽ മാത്രമേ സ്വീകരിക്കുകയുളളൂ. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 22 വരെ നീട്ടിയിരിക്കുന്നു.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
07.09.2020

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**